**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2798** **12-07-2022 - ൽ മറുപടിയ്ക്ക്**

**പന്തപ്ര ആദിവാസികോളനിയിലെ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി മരങ്ങൾ മുറിച്ച് മാറ്റുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ പന്തപ്ര ആദിവാസികോളനിയിലെ കുടുംബങ്ങൾക്ക് 2 ഏക്കർ വനാവകാശരേഖ നല്കിയെങ്കിലും ഭവനനിർമ്മാണത്തിനുവേണ്ടി 15 സെന്റ് സ്ഥലത്തെ മരങ്ങൾ മാത്രമേ മുറിച്ച് നീക്കുവാൻ അനുവാദം കൊടുത്തിട്ടുള്ളൂവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇവരുടെ പ്രധാന ജീവിതമാർഗ്ഗം കൃഷിയാണെന്നിരിക്കെ, കൃഷിചെയ്ത് ഉപജീവനം നടത്തുന്നതിനായി ബാക്കി മരങ്ങൾ മുറിച്ച് നീക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ WP(C) No. 24438/18 & WP(C) No. 24563/18 എന്നീ കേസുകളിലെ 06.03.2019 - ലെ വിധിന്യായത്തിൽ കൂടുതൽ മരങ്ങൾ മുറിയ്ക്കാൻ കേന്ദ്ര വനം - പരിസ്ഥിതി കാലാവസ്ഥ വ്യതിയാനം മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചാൽ മാത്രമേ സാധ്യമാകുകയുള്ളൂ. |
| (സി) | പ്രസ്തുത ആദിവാസി കോളനിയിലെ വീടിന് ഭീഷണിയായി നിൽക്കുന്ന നാശകം, വട്ട, അടക്കമുള്ള 919 പാഴ്മരങ്ങൾ വെട്ടിമാറ്റുന്നതിന് വേണ്ടി വനംവകുപ്പ് ലിസ്റ്റ് തയ്യാറാക്കിയിട്ടും നാളിതുവരെ പാഴ്മരങ്ങൾ വെട്ടിമാറ്റിയിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എന്തുകൊണ്ടാണ് പാഴ്മരങ്ങൾ വെട്ടിമാറ്റാത്തത് എന്ന കാര്യം വിശദമാക്കാമോ; | (ഡി) | പാഴ്മരങ്ങൾ മഴക്കാലത്ത് വീട്ടുകൾക്കും മറ്റും അപകടഭീഷണി ഉയർത്തുന്നതിനാൽ Disaster Management Act പ്രകാരം എറണാകുളം ജില്ലാ കളക്ടറുടെ DCKM/4135/2022-L-16 തീയതി 03.06.22 ഉത്തരവ് പ്രകാരം ജീവനും സ്വത്തിനും അപകടകരമായി നിൽക്കുന്ന 919 മരങ്ങളിൽ 885 മരങ്ങൾ മുറിക്കുന്നതിന് ആവശ്യമായ പരിശോധന നടത്തി മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ മരങ്ങൾ മെറ്റൽ ആന്റ് സ്റ്റീൽ ട്രേഡിംഗ് കോർപ്പറേഷൻ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പാഴ്മരങ്ങൾ അടിയന്തരമായി മുറിച്ച് | (ഇ) | പാഴ്മരങ്ങൾ മഴക്കാലത്ത് വീട്ടുകൾക്കും മറ്റും |

| | | | |
|---|---|---|---|
| | മാറ്റുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | അപകടഭീഷണി ഉയർത്തുന്നതിനാൽ Disaster Management Act പ്രകാരം എറണാകുളം ജില്ലാ കളക്ടറുടെ DCKM/4135/2022-L-16 തീയതി 03.06.22 ഉത്തരവ് പ്രകാരം ജീവനും സ്വത്തിനും അപകടകരമായി നിൽക്കുന്ന 919 മരങ്ങളിൽ 885 മരങ്ങൾ മുറിക്കുന്നതിന് ആവശ്യമായ പരിശോധന നടത്തി മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ മരങ്ങൾ മെറ്റൽ ആന്റ് സ്റ്റീൽ ട്രേഡിംഗ് കോർപ്പറേഷൻ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ